**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 439** **26.06.2019 ൽമറുപടിയ്ക്ക്**

**ഇ-വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത്<br>,, റോജി എം. ജോൺ<br>,, അനിൽ അക്കര<br>,, വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന പ്പെരുപ്പം മൂലമുള്ള അന്തരീക്ഷ മലിനീകര ണത്തോത് കുറയ്ക്കുന്നതിന് ഇ-വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്ന കാര്യം ഗൗരവ മായി പരിഗണിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കൊച്ചിയിൽ നടന്ന ഇ-വെഹിക്കിൾ കോൺക്ലേവ് ഇതുസംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | ബി) | ഇല്ല |
| (സി) | കെ.എസ്.ആർ.ടി.സി. കൂടുതൽ ഇ-ബസ്സു കൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ; | (സി) | ഉണ്ട്.<br>ഇലക്ട്രിക് വാഹനങ്ങൾ നിരത്തിൽ ഇറക്കുന്ന തിനായി 2018-ൽ പരീക്ഷണാടിസ്ഥാനത്തിൽ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയ 10 ഇലക്ട്രിക് എ.സി. ബസ്സുകൾ സർവ്വീസ് നടത്തി വരുന്നു. വൈദ്യുത വാഹന നയത്തിന്റെ ഭാഗമായി കൂടുതൽ ഇലക്ട്രിക് ബസ്സുകൾ കേന്ദ്ര സർക്കാരിന്റെ FAME –II –പദ്ധതിയുടെ അംഗീകാരത്തിന് വിധേയമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| (ഡി) | ഇ-വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഹൈവേകളിൽ ലഭ്യമാക്കുന്ന തിന് എന്തൊക്കെ നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്; | ഡി) | കെ.എസ്.ആർ.ടി.സി പരീക്ഷണാടിസ്ഥാനത്തിൽ 10 ഇ-ബസുകൾ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നുണ്ട്. അതിന്റെ ചാർജ്ജിംഗിന് വേണ്ടി ആലുവ റീജിയണൽ വർക്ക് ഷോപ്പ്, പാപ്പനംകോട് സെൻട്രൽ വർക്ക് ഷോപ്പ്, തമ്പാനൂർ, ഹരിപ്പാട്, എറണാകുളം എന്നീ ബസ് സ്റ്റേഷനുകളിൽ താൽക്കാലിക ചാർജ്ജിംഗ് സ്റ്റേഷനു കൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ തുടങ്ങുന്നതിന് സർക്കാരിന് പദ്ധതിയുണ്ട്. ഇതിനായി കെ എസ് ഇ ബി യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തി യിട്ടുണ്ട്. |
| ഇ) | പെട്രോളിയം കമ്പനികളുമായി ഇതു സംബ ന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയി ട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ? | (ഇ) | ഇതു സംബന്ധിച്ച് ഗതാഗത വകുപ്പ് ചർച്ചകളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ